www.landwaynews.com
Kasargod Edition
ലാൻഡ്‌വേ NEWS
17 ജൂലൈ July 2021
സത്യം സമത്വം സാഹോദര്യം
Volume No.1 • Issue No.42 Yearly Subscription: INR = 730/- • Published From Pathanamthitta • Mail: landwaynews@gmail.com • Head Office: +91 9447440441, (Mr. PrejooshT, Kasargod Edition +91 9447132539

# കൈകൾ കൂപ്പി അഭ്യർത്ഥിച്ച് ഗവർണർ



**സ്ത്രീ**ധനത്തിനെതിരെ വീണ്ടും ശക്തമായി വാദമുയർത്തി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സ്ത്രീധനം വാങ്ങില്ലെന്ന് ഉറപ്പ് നൽകുന്നവർക്ക് മാത്രമേ സർവകലാശാലകൾ പ്രവേശനം നൽകാവൂ എന്ന് ഗവർണർ ചരിത്ര നിർദേശം നൽകി. എറണാകുളം ഗസ്റ്റ് ഹൗസിൽ വൈസ് ചാൻസിലർമാരുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വിദ്യാർത്ഥികൾ പ്രവേശനം നേടുന്ന സമയത്ത് തന്നെ വിവാഹ സമയത്ത് സ്ത്രീധനം വാങ്ങില്ലെന്ന സത്യപ്രസ്താവനയിൽ ഒപ്പിടണമെന്ന വ്യവസ്ഥ കൊണ്ടുവരണം. മാധ്യമങ്ങൾ അടക്കമുള്ളവരുടെ സഹകരണമുണ്ടെങ്കിൽ ഇത് വിജയിക്കുമെന്നും സ്ത്രീധനത്തിനെതിരെ പോരാടണമെന്ന് എല്ലാവരോടും കൈകൾ കൂപ്പി അഭ്യർത്ഥിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

വിവാഹ സമയത്ത് എന്ത് നൽകിയാലും അത് വധുവും പിതാവും തമ്മിലുള്ള കൊടുക്കൽ വാങ്ങലായിരിക്കണം. അതിൽ വരനോ വരന്റെ കുടുംബത്തിനോ ഒരു പങ്കുമില്ലെന്നും അദ്ദേഹം പറഞ്ഞു. സ്ത്രീധനം ഇല്ലാതാക്കുക എന്നത് നമ്മുടെ സമൂഹത്തിനായി നമ്മൾ ചെയ്യേണ്ട കർത്തവ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. landwaynews.com

# യാത്രക്കാരുമായി വിമാനം കാണാതായി



**സൈ**ബീരിയയിൽ പതിമൂന്നുപേരുമായി പോയ റഷ്യൻ വിമാനം കാണാതായെന്ന് റിപ്പോർട്ട്. വ്യോമനിരീക്ഷണം ഉൾപ്പടെയുള്ള തിരച്ചിൽ നടത്തിയെങ്കിലും വിമാനത്തെക്കുറിച്ച് ഒരു വിവരവും ഇതുവരെ ലഭിച്ചിട്ടില്ല.

അതേസമയം വിമാനത്തിൽ പതിനേഴുപേരുണ്ടായിരുന്നു എന്നാണ് ചില പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നത്. സൈബീരിയൻ പ്രദേശമായ ടോംസ്കിലൂടെ പറക്കുന്നതിനിടെയാണ് വിമാനവുമായുള്ള ബന്ധം നഷ്ടപ്പെട്ടത്.

കിഴക്കൻ റഷ്യയിലെ കംചത്കയിൽ അടുത്തിടെ 28 പേരുമായി പോയ വിമാനം തകർന്നു വീണിരുന്നു. ഇതിലുള്ള എല്ലാവരും മരിച്ചെന്നായിരുന്നു റിപ്പോർട്ട്. അന്റോനോവ് എ ൻ. 26 വിമാനം പെട്രോപാവ്ലോവ്സ്ക്, കാംചാറ്റ്സ്കി നഗരത്തിൽ നിന്ന് പലാനയിലേക്ക് പോകുമ്പോഴായിരുന്നു അപകടത്തിൽ പെട്ടത്. landwaynews.com

# മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണാൻ പോയത് കൊടകര കേസ് ഒത്തുതീർപ്പാക്കാൻ വി.ഡി. സതീശൻ



**കാസർഗോഡ്:** പ്രധാനമന്ത്രിയെ കാണാൻ മുഖ്യമന്ത്രി പിണറായി വിജയൻ ഡൽഹിയിലേക്ക് പോയത് കേരളത്തിലെ വികസനത്തിനുവേണ്ടിയല്ലെന്നും സ്വർണക്കടത്തു കേസും കുഴൽപ്പണ കേസും ഒത്തുതീർപ്പാക്കാനാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ആരോപിച്ചു.കാസർഗോഡ് പ്രസ് ക്ലബ്ബിൽ മീറ്റ് ദ പ്രസ്സിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.നാല് മാസം പിന്നിട്ടിട്ടും എല്ലാ തെളിവുകൾ ലഭിച്ചിട്ടും കെ സുരേന്ദ്രനെതിരെ നടപടി സ്വീകരിക്കാത്തത് സിപിഎം, ബിജെപി നേതൃത്വങ്ങൾ തമ്മിലുള്ള അന്തർധാരയുടെ ഭാഗമാണെന്നും സതീശൻ ആരോപിച്ചു.





കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ AITUC എളരിത്തട്ട് പോസ്റ്ററ് ഓഫീസിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ ജില്ലാ വൈസ് പ്രസിഡണ്ട് കെ.എസ്. കുര്യാക്കോസ് ഉദ്ഘാടനം ചെയ്യുന്നു.

# ഡ്രൈവിംഗ് ടെസ്റ്റുകളും പരിശീലനവും തിങ്കളാഴ്ച്ച മുതൽ പുനരാരംഭിക്കും



**ഡ്രൈവിംഗ്** ടെസ്റ്റുകളും ഡ്രൈവിംഗ് പരിശീലനവും തിങ്കളാഴ്ച്ച മുതൽ പുനരാരംഭിക്കുമെന്ന് ഗതാഗത മന്ത്രി ആന്റണി രാജു. കൊവിഡ് പ്രോട്ടോകോൾ പാലിച്ചു കൊണ്ടു വേണം ടെസ്റ്റും പരിശീലനവും നടത്തേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി.

പരിശീലന വാഹനത്തിൽ ഇൻസ്ട്രക്ടറെ കൂടാതെ ഒരു സമയം ഒരു പഠിതാവിനെ മാത്രമേ അനുവദിക്കുകയുള്ളൂയെന്നും അറിയിച്ചു. കൊവിഡ് നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് മോട്ടോർ വാഹനവകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണമെന്നും നിർദേശിച്ചു. landwaynews.com

# പുതിയ സ്മാർട് ഗ്യാസ് സിലിണ്ടർ





**സ്മാർ**ട് അടുക്കള ആഗ്രഹിക്കുന്നവർക്കായി താ ഇൻഡ്യൻ ഓയിൽ കോർപറേഷന്റെ (ഐഒസിഎൽ) പുതിയ സ്മാർട് ഗ്യാസ് സിലിണ്ടർ. അടുക്കളയിലെ മറ്റ് സ്മാർട് ഉപകരണങ്ങൾക്കൊപ്പം സ്മാർട് ഗ്യാസ് സിലിണ്ടർ അടക്കളയും പാചകവും കൂടുതൽ സ്മാർട്ടാക്കും. landwaynews.com

കോമ്പോസിറ്റ് സിലിണ്ടർ എന്ന് പേരുള്ള ഈ പുതിയ സ്മാർട് ഗ്യാസ് സിലിണ്ടറിന്റെ പ്രധാന പ്രത്യേകത സിലിണ്ടറിൽ ബാക്കി നിൽക്കുന്ന ഇന്ധനത്തിന്റെ അളവ് നിങ്ങൾക്ക് അറിയാൻ സാധിക്കും എന്നതാണ്.

എത്ര ഗ്യാസ് നിങ്ങൾ ഉപയോഗിച്ചു കഴിഞ്ഞവെന്നും, ഇനി എത്ര അളവ് ശേഷിക്കുന്നുണ്ട് എന്നും ഇതിലൂടെ മനസ്സിലാക്കാം. സാധാരണ സിലിണ്ടറിനേക്കാൾ ശക്തിയേറിയതും കൂടുതൽ സുരക്ഷിതത്വം ഉറപ്പു നൽകുന്നതുമാണ് ഈ പുതിയ സ്മാർട് ഗ്യാസ് സിലിണ്ടർ.

അവ എന്തൊക്കെയാണെന്ന് ഇനി നമുക്ക് നോക്കാം. സ്മാർട് ഗ്യസ് സിലിണ്ടറുകൾ ലൈറ്റ് വെയ്റ്റ് അഥവാ ഭാര രഹിത സിലിണ്ടറുകളാണ്. സ്റ്റീൽ സിലിണ്ടറുകളുടെ പകുതി ഭാരം മാത്രമേ സ്മാർട് ഗ്യാസ് സിലിണ്ടറുകൾക്ക് ഉണ്ടാവുകയുള്ളൂ. ഇതിന്റെ അർധ സുതാര്യമായ ബോഡിയിലൂടെ സിലിണ്ടറിന് അകത്തുള്ള ഗ്യാസ് ലെവൽ നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും. സിലിണ്ടർ റീഫിൽ ചെയ്യേണ്ട സമയം ഉപയോക്താവിന് ഇതുവഴി കണക്കാക്കാം. നിലവിൽ ഡെൽഹി, ഗുർഗൺ, ഹൈദരാബാദ്, ഫരീദാബാദ്, ലുധിയാന എന്നിവിടങ്ങളിലെ തെരഞ്ഞെടുത്ത വിതരണക്കാരിൽ നിന്ന് മാത്രമേ ഇത്തരം സ്മാർട് സിലിണ്ടറുകൾ ലഭ്യമാവുകയുള്ളൂ. 5 കിലോ ഗ്രാം, 10 കിലോ ഗ്രാം സ്മാർട് ഗ്യാസ് സിലിണ്ടറുകൾ ലഭിക്കും.

സബ്സിഡി ഇല്ലാത്ത ഗാർഹിക ഉപഭോഗത്തിനായുള്ള സ്മാർട്ട് ഗ്യാസ് സിലിണ്ടറുകളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് 10 കിലോ ഗ്രാമിന് 3350 രൂപയും 5 കിലോ ഗ്രാമിന് 2150 രൂപയുമാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വ്യത്യാസം വരുന്ന തുക നൽകിയാൽ ഉപയോക്താക്കൾക്ക് നിലവിലുള്ള സ്റ്റീൽ ഗ്യാസ് സിലിണ്ടറിന് പകരം പുതിയ സ്മാർട് സിലിണ്ടർ ലഭ്യമാകുമെന്ന് അറിയുന്നു.

# ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തി യുവാവിനെതിരെ കേസ്

**ആദൂർ:** പോലീസിന്റെ ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്താൻ ശ്രമിച്ചുവെന്ന പരാതിയിൽ യുവാവിനെതിരെ കേസെടുത്തു. ആദൂർ എസ് ഐ.ഇ. രത്നാകരന്റ പരാതിയിൽ മുഹമ്മദ് സിനാ (22) നെതിരെയാണ് ആദൂർ പൊലീസ് കേസെടുത്തത്. ബോവിക്കാനം ടൗണിൽ വാഹനപരിശോധനയ്ക്കിടെ ബൈക്കിലെത്തിയ യുവാവ് എസ്ഐയോട് അപമര്യാദയായി പെരുമാറുകയും മറ്റും ചെയ്തുവെന്നാണ് പരാതി. ബൈക്ക് പാർക്ക് ചെയ്തുമായി ബന്ധപ്പെട്ട പ്രശ്നമാണ് കാരണം.

**LANDWAY NEWS**

**EDITORIAL BOARD**

***CHIEF EDITOR:***
Dr. Santhosh Pandalam,
***EDITORS:***
Sherly Santhosh,
Dr. Jipson Lawrance,
(Delhi Edition)
**Sub Editors**
Joy Varghese Elanthoor,
Rajesh John,
**Associate Editors:**
Shiju John Samuel,
Pratheep Thomas,
***ADVERTISING AND CIRCULATION***
Dr. Jess Paul,
***MEDIA TECHNICIAN'S HEAD***
Evg. Josin Samuel,
***SOCIAL MEDIA INFLUENCER***
Tengsy Thomas,

***ADVISORY BOARD:***
Godwin Y. D • Shibu Paippad •
Mohan George •
Shibu Mullamkattil •
Thomas Palakkuzhy •
Jacob Kottarakkara •
Fr. Dicruz Kandamangalam,
Sam Pallom •

**LEGAL ADVISOR**
Adv. S. Pramod, NTA

***REPORTERS:***
UAE Coordinator & Reporter
Duglas Joseph
USA Coordinator & Reporter
Sajan George (USA), Philedelphia
Avinash Thankachan (USA)
Biju Daniel (Southampton, UK)
Daniel Eppachan (AUSTRALIA)
Das P. Vilakudy (SHARJAH)
Siby George (DUBAI)
Sheena Sonu (ABUDHABI)
Bose B Varghese (BAHRAIN)
Jobin Gilgal (KUWAIT)
Simon John Mathew (Alappuzha)
REPORTING AND MARKETING
Sunil Pathanapuram



**Our Address:**

**LANDWAY NEWS,**
**Post Box No: 1,**
**Pandalam P.O.,**
**Pathanamthitta Dist,**
**Kerala, India.**
**Pin: 689501.**
**Phone: +91 9447440441,**
**email: landwaynews@gmail.com,**
**www.facebook.com/landwaynewspaper**
**www.landwaynews.com**



Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.



**Yearly Subscription**
INDIA: Rs. 730
USA: Dollars - 100
Canada: Dollars 120
UK: Pounds - 50
Gulf: Rs. 6000



**വരിസംഖ്യ?**
**ലാൻഡ്‌വേ യുടെ വരിസംഖ്യകളും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India.

***Bank Details***
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55







# വാട്ട്സ്ആപ്പ് നിരോധിച്ചത് 20 ലക്ഷത്തോളം അക്കൗണ്ടുകൾ



ഇന്ത്യയിൽ ഒരു മാസത്തിനുള്ളിൽ വാട്ട്സ്ആപ്പ് നിരോധിച്ചത് 20 ലക്ഷത്തോളം അക്കൗണ്ടുകൾ. 95 ശതമാനം അക്കൗണ്ടുകളും സ്പാം എന്ന് തരംതിരിക്കാവുന്ന ഓട്ടോമേറ്റഡ് അല്ലെങ്കിൽ ബൾക്ക് മെസേജിംഗിന്റെ അനധികൃത ഉപയോഗം മൂലമാണെന്ന് അവർ വ്യക്തമാക്കി. 2021 ലെ പുതിയ ഇൻഫർമേഷൻ ടെക്നോളജി (ഇന്റർമീഡിയറി മാർഗ്ഗനിർദ്ദേശങ്ങളും ഡിജിറ്റൽ മീഡിയ എത്തിക്സ് കോഡും) ചട്ടങ്ങൾക്ക് അനുസൃതമായി വാട്ട്സ്ആപ്പ് അതിന്റെ ആദ്യ ഇടനില മാർഗ്ഗനിർദ്ദേശ റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിലാണ് ഇക്കാര്യമുള്ളത്.

2021 മെയ് 15 മുതൽ ജൂൺ 15 വരെ വിവിധ കക്ഷികളിൽ നിന്ന് ലഭിച്ച പരാതികളും കമ്പനി പങ്കുവച്ചിട്ടുണ്ട്. വാട്സ്ആപ്പിന്റെ മാതൃ കമ്പനിയായ ഫേസ്ബുക്കും പുതിയ ഐടി നിയമങ്ങൾ പാലിച്ച് ആദ്യത്തെ പ്രതിമാസ റിപ്പോർട്ട് പുറത്തിറക്കി. landwaynews.com






**ഇന്നലെ രോഗം സ്ഥിരീകരിച്ചത്**
**13,750**
**പേർക്ക്**
www.landwaynews.com







Recently, a mother of an Engineering graduate approached me with an entirely different issue. She is a renowned Maths teacher in the city. Her son passed Software Engineering degree with flying colours from a prestigious college. He had an outstanding academic record in school and college life. He consistently scored A* s and distinctions. Well, things are fine up to this stage. Alarm bells are ringing, when he miserably failed to secure a job. He couldn't get through any of the campus selections. His classmates are selected for Multi-National companies with six digits salary even before they complete the course. He has been trying for a job for the past one year but failed to perform well in any of the interviews he attended. Who is the villain here? Why did he fail in the interviews? Why did employers reject him, even though he has high marks? How did his classmate with an average mark secure a high profile job?

The real villain is our education system which has become a factory that produces thousands of graduates every year. Study hard, get good grades and get a good job is the age-old advice that parents, teachers and elders give tirelessly. However, the academic qualifications and technical knowledge you acquire from the schools and colleges may get you an interview, but soft skills will get you the job and help you to succeed in your profession. In our ultra-modern corporate world, having straight A*s is no longer enough to secure a job or excel in the career field. Employers are becoming more and more concerned with what they call the 'skills gap' in today's graduates. They're concerned that today's generation doesn't have all the necessary 'soft skills' to succeed in today's competitive workplace.

Parents and teachers beware!! When you force your children to score good marks in the exams by making them bookworms and discourage their participation in extracurricular activities, you actually spoil their future and chances of a successful career. They may pass out with top marks but employers may stamp them as unfit for work.

# മൂന്നു വർഷത്തിലേറെയായി മകളെ പീഡിപ്പിച്ചു പിതാവ് അറസ്റ്റിലായി

മാനസിക വെല്ലുവിളി നേരിടുന്ന പതിനാറുകാരിയായ മകളെ പീഡിപ്പിച്ച കേസിൽ പിതാവ് അറസ്റ്റിൽ. മുണ്ടക്കയം സ്വദേശിയെയാണ് പൊലീസ് പിടികൂടിയത്. മൂന്നു വർഷത്തിലേറെയായി മകളെ പീഡിപ്പിച്ചു വന്നിരുന്ന പ്രതിയെപ്പറ്റി മാതാവാണ് പൊലീസിലും ചൈൽഡ് ലൈനിലും പരാതിപ്പെട്ടത്. landwaynews.com

പൊലീസ് പെൺകുട്ടിയെ കൗൺസിലിങ്ങിന് വിധേയരാക്കുകയായിരുന്നു. മുണ്ടക്കയം പൊലീസ്സ്റ്റേഷൻ പരിധിയിലെ പ്രദേശത്തു താമസിക്കുന്ന ആളാണ് പിടിയിലായത്. മുണ്ടക്കയം സ്റ്റേഷൻ ഹൗസ് ഓഫിസർ ഇൻസ്പെക്ടർ എ. ഷൈൻ കുമാറിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്ത ഇയാളെ കോടതിയിൽ ഹാജരാക്കി.

# കർഷക വയലിലെ വെള്ളക്കെട്ടിൽ വീണ് മരിച്ചു



**നീലേശ്വരം:** ക്ഷീരകർഷക വയലിലെ വെള്ളക്കെട്ടിൽ വീണ് മരിച്ചു. നിടുങ്കണ്ടയിലെ കെ.വി. യമുന (58) യാണ് മരിച്ചത്. വീടിനുസമീപത്തെ നിടുങ്കണ്ട പാടശേഖരത്തിലായിരുന്നു അപകടം. ഗുരുപൂജ അവാർഡ് ജേതാവും മറത്തുകളി ആചാര്യനായിരുന്ന പരേതനായ ബാലകൃഷ്ണൻ പണിക്കരുടെ ഭാര്യയാണ്.

മകൻ കെ.ടി. ശശാങ്കൻ (മഹീന്ദ്ര ഫിനാൻസ്, കാഞ്ഞങ്ങാട്) മരുമകൾ: എൻ നീതു സഹോദരങ്ങൾ:ഓമന (കണിച്ചിറ), സുജാത (പുതിയകോട്ട), എ.കെ. രമേന്ദ്രൻ കാസർഗോഡ് (എഡിഎം), പരേതനായ സുരേന്ദ്രൻ.




# വന്യമൃഗശല്യം മന്ത്രിക്ക് നിവേദനം



**കാസർഗോഡ്:** ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വന്യമൃഗശല്യത്തിന് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. എൻ.എസ്. സരിത റവന്യൂ വകുപ്പ് മന്ത്രി കെ. രാജന് നിവേദനം നൽകി. താൻ പ്രതിനിധീകരിക്കുന്ന ഡിവിഷനിൽപ്പെട്ട ബേഡഡുക്ക, മുളിയാർ, ദേലംപാടി തുടങ്ങിയ പഞ്ചായത്തുകളിലെ കർഷകരും മറ്റും കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം നേരിടുകയാണെന്ന് സരിത ചൂണ്ടിക്കാട്ടി.

ശല്യം മൂലം കർഷകരുടെ സ്വത്തും, ജീവനും ഭീഷണിയിലാണ്. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് ഇതിനോടകം സംഭവിച്ചത്. കാട്ടുപന്നി, മയിൽ, കുരങ്ങുകൾ തുടങ്ങിയ ജീവികളുടെ ശല്യവും നേരിടുന്നുണ്ട്. ഇവ തടയാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും നിവേദനത്തിലുണ്ട്.

**ലാൻഡ്‌വേ ഡെയിലി ന്യൂസ് എല്ലാ പ്രഭാതത്തിലും പതുപുത്തൻ വാർത്തകളുമായി നിങ്ങളുടെ വിരൽ തുമ്പിൽ**

ഒരു ദിവസത്തേക്ക് = 2 രൂപ.
ഒരു മാസത്തേക്ക് = 60 രൂപ.
ഒരു വർഷത്തേക്ക് = 730 രൂപ.
ആയുഷ്ക്കാല വരിസംഖ്യ = 30 ആയിരം രൂപ.

വരിക്കാരാകാനും, പരസ്യം നൽകുവാനും വിളിക്കേണ്ട നമ്പർ: +91 9447440441

# ദുബായിൽ മരിച്ച മാങ്ങാട് സ്വദേശിയുടെ മൃതദേഹം നാട്ടിലെത്തിച്ച് സംസ്കരിച്ചു



ഉദുമ: ദുബായിൽ താമസ സ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തിയ മാങ്ങാട് സ്വദേശിയുടെ മൃതദേഹം നാട്ടിലെത്തിച്ചു സംസ്കരിച്ചു. മാങ്ങാട് പുതിയ പുരയിലെ രാഘവന്റെ മകൻ സുധീഷ് (33)ആണ് മരിച്ചത്. കഴിഞ്ഞ ശനിയാഴ്ച രാവിലെയാണ് ദുബായിലെ താമസിക്കുന്ന മുറിയിൽ മരിച്ചനിലയിൽ കണ്ടത്.

ഒന്നരവർഷം മുമ്പാണ് സുധീഷ് ദുബായിലേക്ക് പോയത്. അമ്മ: രോഹിണി സഹോദരങ്ങൾ: രതീഷ്, ലതിക. മൃതദേഹം കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് കൊണ്ടുവരികയായിരുന്ന ആംബുലൻസ് കല്ല്യാശ്ശേരിയിൽ അപകടത്തിൽപ്പെട്ട 4 പേർക്ക് പരിക്കേറ്റു. വാഗണർ കാറിനും ഗുഡ്സിനും ഇടിച്ച ശേഷം ആംബുലൻസ് മറിയുകയായിരുന്നു.

# കോവിഡ് പരിശോധന കൂടുന്നു;പുതിയ രൂപരേഖ തയ്യാറാക്കിയതായി ജില്ലാ

## കളക്ടർ ഭണ്ഡാരി സ്വാഗത്

**കാസർഗോഡ്:** കോവിസ് രോഗസ്ഥിതീകരണ നിരക്ക് ഗണ്യമായി കുറച്ചു കൊണ്ടുവരുന്നതിന് ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദിന്റെ നേതൃത്വത്തിൽ പ്രത്യേക നടപടി തുടങ്ങി. രോഗ സ്ഥിരീകരണ നിരക്ക് കുറച്ചു കൊണ്ടുവരുന്നതിനായി ജനസംഖ്യാനുപാതികമായി പരിശോധന നടത്തുന്നതിന് പുതിയ രൂപരേഖ തയ്യാറാക്കിയതായി ജില്ലാ കളക്ടർ അറിയിച്ചു. പ്രതിദിനം 7709 പേരെ പരിശോധനക്ക് വിധേയരാക്കാനാണ് രൂപരേഖ ലക്ഷ്യമിടുന്നത്.

പ്രതിവാരം 53962 പേർക്ക് പരിശോധന നടത്താനും രൂപരേഖ ലക്ഷ്യമിടുന്നു. അതിനനുസരിച്ചുള്ള പരിശോധന ഈ മാസം 20 വരെ തുടരും. നിലവിൽ ഡി കാറ്റഗറിയിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അടുത്ത ആഴ്ചയോടെ ബിസി കാറ്റഗറിയിലേക്ക് എത്തിക്കാനും കളക്ടറുടെ നേതൃത്വത്തിൽ തയ്യാറാക്കിയ രൂപരേഖ വ്യക്തമാക്കുന്നു.




ജില്ലാ ഒളിമ്പിക് അസോസിയേഷന്റെ സമഗ്ര കായിക വികസന സെമിനാർ മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്യുന്നു.




മത്സ്യ തൊഴിലാളി സംഘത്തിന്റെ (ബിഎംഎസ്) നേതൃത്വത്തിൽ കാസർഗോഡ് ഫിഷറീസ് ഓഫീസിനു മുന്നിൽ നടത്തിയ ധർണ ബിഎംഎസ് ജില്ലാ വൈസ് പ്രസിഡൻറ് ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യുന്നു

## അറിയിപ്പ്

എല്ലാ ദിവസവും അതിരാവിലെ പുത്തൻ വാർത്തകളുമായി നിങ്ങളുടെ മുമ്പിൽ ഞങ്ങൾ കൂടെയുണ്ട്. കാസർഗോഡ് ജില്ലയിലെ എല്ലാ വിധ വാർത്തകൾക്കും പരസ്യങ്ങൾക്കും ഞങ്ങളുടെ പ്രതിനിധിയായ ശ്രീ. പ്രജോഷ്. മൊബൈൽ നമ്പർ +91 9447132539 ബന്ധപ്പെടാവുന്നതാണ്.

**വിവാഹ പരസ്യം ഒരു ദിവസത്തേക്ക് കേവലം 200 രൂപ മാത്രം**

# നിര്യാതയായി



**കാഞ്ഞങ്ങാട്:** ഒടയംചാൽ നായ്ക്കയത്തെ പരേതനായ ചെമ്മങ്ങാട്ട് തോമസിന്റെ ഭാര്യ എൽസി തോമസ് (66)നിര്യാതയായി. മക്കൾ:അലക്സ്, ടോമി, ടീന മരുമകൾ: സിജി, നിഷ, വിൻസെന്റ്.

# സംസ്ഥാനത്ത് രണ്ട് പേർക്ക് കൂടി സിക വൈറസ് ബാധ സ്ഥിരീകരിച്ചു.



**തിരുവനന്തപുരം:** ജില്ലയിലാണ് രണ്ട് പേർക്ക് രോഗം സ്ഥിരീകരിച്ചത്. ഇതോടെ സംസ്ഥാനത്ത് ആകെ സിക ബാധിതരുടെ എണ്ണം 30 ആയി.

അതേസമയം, സംസ്ഥാനത്ത് സിക, ഡെങ്കിപ്പനി പ്രതിരോധം ശക്തമാക്കാൻ എല്ലാ ജില്ലകളിലും ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സർക്കാർ നിർദേശം നൽകി. ആരോഗ്യ, റവന്യൂ മന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. എല്ലാ ജില്ലകളും പ്രതിരോധ പ്രവർത്തനങ്ങളും ബോധവത്ക്കരണവും ശക്തമാക്കും. മൈക്രോ കണ്ടെയ്ൻമെന്റ് ഫലപ്രദമായി നടപ്പാക്കാനും യോഗത്തിൽ നിർദേശമുയർന്നു. വരും ദിവസങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കും.

# മാസ്ക് ഉപയോഗിക്കുന്നതിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം

രാജ്യത്ത് കോവിഡ് നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചതിനെ തുടർന്ന് മാസ്ക് ഉപയോഗിക്കുന്നതിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. രാജ്യത്തെ മൊത്തം മാസ്ക് ഉപയോഗത്തിൽ 74 ശതമാനം കുറവുണ്ടായതായും കേന്ദ്ര ആരോഗ്യ സെക്രട്ടറി ലവ് അഗർവാൾ വ്യക്തമാക്കി.

17 JULY 2021

സത്യം സമത്വം സാഹോദര്യം

LANDWAY
BRINGING YOU CLOSER TO GOD

KERALA Edition
LANDWAY NEWS
Published From Pathanamthitta | Kerala Edition
Volume No. 1 | Issue No. 198 | Page No. 4

SCAN TO READ ONLINE

www.landwaynews.com

FOR CONTACT:
Landway News,
Olive Thottathil, Thumpamon P. O,
Pathanamthitta Dist, Kerala, India
Pin - 689502

Volume No.1 • Issue No. 198 Yearly Subscription: INR 730/- • Published From Pathanamthitta • Mail: landwaynews@gmail.com • WhatsApp: +91 9447440441.

## വധുവിനെ ആവശ്യമുണ്ട്

പത്തനംതിട്ട ജില്ലയിൽ സമ്പത്തിക ഭദ്രതയുള്ള ഓർത്തഡോക്സ് കുടുംബത്തിൽ നിന്നും (ഏക മകൻ) ഒറ്റക്ക് പെന്തെക്കോസ്ത് വിശ്വാസത്തിൽ (38/180 cm) കമ്പ്യൂട്ടർ ഡിപ്ലോമ പഠിച്ച വരന് വിശ്വാസികളായ വധുവിന്റെ ബന്ധുമിത്രാധികളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

ഫോൺ:
+91 9961 276199

## മയൂഖ ജോണി അടക്കം 10 പേർക്കെതിരെ യാണ് കേസ്



മുരിയാട് എംപറർ ഇമ്മാനുവൽ പ്രസ്ഥാനത്തിന്റെ പരമാധികാരി നിഷ സെബാസ്റ്റ്യൻ, ട്രസ്റ്റിമാരായ ഉമേഷ് ജോസ്, നവീൻ പോൾ, പി.പി. ഷാന്റോ എന്നിവർക്കും മറ്റ് 6 പേർക്കും എതിരെ കേസെടുക്കാനാണ് ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതി നിർദേശിച്ചത്.

ഇവിടെ ട്രസ്റ്റി ആയിരുന്ന സാബു നൽകിയ പരാതിയിലാണ് ഉത്തരവ്. മയൂഖ ജോണിയുടെ വീട്ടിൽ താൻ ഭീഷണി നോട്ടിസ് കൊണ്ടുപോയിട്ടുണ്ട് എന്നാരോപിച്ചത് അപകീർത്തികരമാണെന്നും നേരത്തെ ട്രസ്റ്റി ആയിരുന്ന ജോൺസൺ മറ്റൊരു യുവതിയെ മാനഭംഗം നടത്തിയതായി വ്യാജരേഖ കെട്ടിച്ചമച്ചാണു പരാതി നൽകിയതെന്നും സാബു ആരോപിച്ചു. അതേസമയം മയൂഖയുടേയും കൂട്ടരുടേയും പരാതികളിൽ എതിർ സംഘത്തിന് എതിരെ രണ്ടു കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. നിലവിൽ ഈ കേസുകളുടെ അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ച് ഏറ്റെടുത്തിരുന്നു. മൂന്നു കേസുകളും ജില്ലാ ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുമുണ്ട്.

2016 ലാണ് കേസിന് ആസ്പദമായ സംഭവം. ചാലക്കുടി സ്വദേശിയായ ചുങ്കത്ത് ജോൺസൺ വീട്ടിൽ ആരുമില്ലാത്ത സമയത്ത് പെൺകുട്ടിയെ ബലാത്സംഗം ചെയ്യുകയും ഭീഷണിപ്പെടുത്തി നഗ്നചിത്രങ്ങൾ എടുക്കുകയും ചെയ്തെന്നാണ് പരാതി. അന്ന് അവിവാഹിതയായതിനാൽ പൊലീസിൽ പരാതി നൽകിയില്ല. 2018-ൽ പെൺകുട്ടി വിവാഹിതയായ ശേഷവും പ്രതി ഭീഷണിപ്പെടുത്തുകയും ശല്യപ്പെടുത്തുകയും ചെയ്തു. landwaynews.com

തുർന്ന് ഭർത്താവിൻറെ നിർദേശപ്രകാരം 2021 മാർച്ചിലാണ് പരാതി നൽകിയത്. ചാലക്കുടി മജിസ്ട്രേറ്റ് ഇരയുടെ രഹസ്യമൊഴി രേഖപ്പെടുത്തി. എന്നാൽ പ്രതിയുടെ അറസ്റ്റ് ഇതുവരെ ഉണ്ടായില്ല. പ്രതിയ്ക്കു വേണ്ടി മന്ത്രിതലത്തിൽ വരെ ഇടപെടലുണ്ടായെന്നും കേസെടുക്കാതിരിക്കാൻ വനിതാ കമ്മീഷൻ അദ്ധ്യക്ഷയായിരുന്ന എം സി ജോസഫൈൻ ഇടപെട്ടുവെന്നും ഗുരുതരമായ ആരോപണങ്ങളും മയൂഖ തൃശ്ശൂരിലെത്തി നടത്തിയ വാർത്താസമ്മേളനത്തിൽ ഉന്നയിച്ചിരുന്നു. landwaynews.com

## വരനെ ആവശ്യമുണ്ട്

തക്കതായ കാരണത്താൽ കോടതി മുഖേനേ നിയമപരമായി വിവാഹ ബന്ധം വേർപെടുത്തിയ Medical Lady Doctor (MBBS,MD,Diabetologist) പെന്തെക്കോസ്ത് വിശ്വാസി 33/160, സിറിയൻ ക്രിസ്ത്യാനികളായ ഇതേ നിലവാരത്തിൽ ജോലിയും ദൈവ ഭയമുള്ളതുമായ പെന്തെക്കോസ്ത് യുവാക്കളുടെ ബന്ധുക്കളിൽ നിന്നും വിവാഹ ആലോചനകൾ ഉടൻ ക്ഷണിച്ചു കൊള്ളുന്നു.

വിളിക്കേണ്ട നമ്പർ:
+91 96 45 440 441

## നെയ്യാർഡാം പൊലിസിന് നേരെയാണ് ആക്രമണം




നെയ്യാർഡാം പൊലിസിന് നേരെയാണ് ആക്രമണം ഉണ്ടായത്. സംഭവത്തിൽ സിപി ഒ ടിനോ ജോസഫിന് പരിക്കേറ്റു. കോട്ടൂർ നെല്ലിക്കുന്ന് കോളനി ക്ക് സമീപമാണ് ആക്രമണം ഉണ്ടായത്. പ്രതികൾ വനത്തിനുള്ളിൽ ഒളിച്ചതായി പൊലീസ് അറിയിച്ചു. എന്നത് വിലകൊടുത്തും പ്രതികളെ അറസ്റ്റ് ചെയ്യുമെന്നും അറസ്റ്റ് ഉടനെ ഉണ്ടാകുമെന്ന് സി.ഐ ലാൻഡ്‌വേ ന്യൂസിനോട് പറയുകയുണ്ടായി. landwaynews.com

പെട്രോളിംഗിനിടെ പുലർച്ചെ 3 മണിയോടെയാണ് ആക്രമണം നടന്നത്. പൊലീസ് ഉദ്യോഗസ്ഥർക്ക് നേരെ പെട്രോൾ ബോംബെറിഞ്ഞ് ഭീകരന്തരീക്ഷം സൃഷ്ടിച്ച ശേഷമാണ് ആക്രമണം നടത്തിയത്. മലയിൻകീഴ് പോലീസ് സ്റ്റേഷനിലെ ഒരു ജീപ്പ് പ്രതികൾ പൂർണമായും അടിച്ചു തകർത്തു. സമീപത്തെ വീടുകൾക്ക് നേരെയും ഇവർ ആക്രമണം നടത്തി എന്നാണ് റിപ്പോർട്ട്.

## Property for Sale



Land for Sale in Mallappally Near to Market & BSNL office. On thuruthikad Road. Just 1 km to Central Junction.

Features:

1. Calm & Quite Area,
2. Good for Residential Purposes,
3. Just 1km to Mallappally Town,
4. Good Road Frontage.

Total Area: 14 Cents

Please Contact: +91 9539566007

## നിര്യാതരായി (OBITUARY)



**പത്തനാപുരം:** വിടവൂർ അരികുളത്തു വീട്ടിൽ പരേതനായ പാസ്റ്റർ പി.എ സഖറിയയുടെ ഭാര്യ അമ്മിണി സഖറിയ (61) നിര്യാതയായി. സംസ്ക്കാരം പിന്നീട്. മക്കൾ: മോൻസി, ബ്ലെസി, ബിൻസി; മരുമക്കൾ: ഷിബി, അജി പുത്തൂർ, ഷിജിൻ.



**തൃശൂർ:** എളാമറ്റത്തിൽ ജോസഫ് (കുഞ്ഞുമോൻ- 71) നിര്യാതനായി. സംസ്ക്കാരം കഴിഞ്ഞു. landwaynews.com

**കൊട്ടാരക്കര:** തൃക്കണ്ണമംഗൽ കോളർകോണം നീലാംവിള വീട്ടിൽ യോഹന്നാൻ (62) നിര്യാതനായി. സംസ്ക്കാരം കഴിഞ്ഞു.



**മൂന്നാർ:** ദി പെന്തെക്കോസ്തു മിഷൻ മൂന്നാർ സെന്റർ പാസ്റ്റർ പി.ജയകുമാർ (59) നിര്യാതനായി.

**വയ്യാറ്റുപുഴ:** മന്ദത്തുഴത്തിൽ എം.ജി സാമിന്റെയും ബിന്ദുവിന്റെയും മകൻ ആനന്ദ് (18) നിര്യാതനായി. സംസ്ക്കാരം ഇന്ന് 1:30 ന്. landwaynews.com

**വയ്യാറ്റുപുഴ:** മന്ദത്തുഴത്തിൽ എം.ജി. സാമിന്റെയും ബിന്ദുവിന്റെയും മകൻ ആനന്ദ് (18) നിര്യാതനായി. സംസ്ക്കാരം ഇന്ന്. landwaynews.com

**ആനിക്കാട്:** മുറ്റത്തുമാവ് ചിരട്ടാമണ്ണിൽ കുഞ്ഞമ്മ തോമസ് (86) നിര്യാതയായി. സംസ്ക്കാരം പിന്നീട്.

**കരുനാഗപ്പള്ളി:** മരുതൂർ ക്കുളങ്ങര വടക്ക്മംത്തി വീട്ടിൽ കുമാരന്റെ ഭാര്യ പാറുക്കുട്ടി (85) നിര്യാതയായി. landwaynews.com

## അബുദാബിയിൽ ജൂലൈ 19 മുതൽ രാത്രികാല യാത്രാ വിലക്ക്

അബുദാബിയിൽ ജൂലൈ 19 തിങ്കൾ മുതൽ രാത്രികാല യാത്രാ വിലക്ക് പ്രഖ്യാപിച്ചു. നഗരത്തിലെ അണുനശീകരണ നടപടികളുടെ ഭാഗമായാണ് നിയന്ത്രണമെന്ന് അബുദാബി ദുരന്ത നിവാരണ സമിതി അറിയിച്ചു. landwaynews.com

അർദ്ധരാത്രി 12 മുതൽ രാവിലെ 5 വരെ അതാവശ്യത്തിന് അല്ലാതെ ആരും പുറത്തിറങ്ങരുതെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി. ബലിപെരുന്നാൾ അവധി ദിനങ്ങളുടെ ഭാഗമായാണ് ഇത്തരത്തിൽ രാത്രികാല സഞ്ചാര വിലക്ക് പ്രഖ്യാപിച്ചത്.

കൊവിഡ് വ്യാപനം കുറയ്ക്കാനും രാത്രികാല കൂട്ടായ്മകൾ ഇല്ലാതാക്കാനും അബുദാബി ഗവർമെൻറ് ഇതിലൂടെ ലക്ഷ്യമിടുന്നു.

## പോലീസിനെതിരെ മുഖ്യമന്ത്രിക്ക് വീട്ടമ്മയുടെ പരാതി

എറണാകുളം സ്വദേശിയാണ് എഎസ്ഐയുടെ ശല്യം സഹിക്കാനാവാതെ മുഖ്യമന്ത്രിക്ക് പരാതി നൽകിയത്. തന്റെ ഭർത്താവുമായി ഉണ്ടായ ചില പ്രശ്നങ്ങളെ തുടർന്നാണ് വീട്ടമ്മ കൊച്ചി സിറ്റി പൊലീസ് കമ്മീഷണർ ഓഫീസിൽ എത്തുന്നത്. തുടർന്ന് പരാതി പരിഹാരത്തിനായി ഇവർക്ക് കൗൺസിലിങ് നൽകാൻ ഓഫീസിലെ ഒരു എഎസ്ഐയെ ചുമതലപ്പെടുത്തിയിരുന്നു. ഇയാളിൽ നിന്നാണ് വീട്ടമ്മയ്ക്ക് മോശം അനുഭവമുണ്ടായത്.

കൗൺസിലിങ്ങിനായി ഫോൺ വിളിച്ചു തുടങ്ങിയ എഎസ്ഐ പിന്നീട് അശ്ലീല സന്ദേശങ്ങൾ വീട്ടമ്മയ്ക്ക് അയയ്ക്കുകയായിരുന്നു. landwaynews.com

പിന്നാലെ നഗ്നചിത്രങ്ങളും അശ്ലീല വീഡിയോകളും അയച്ചു. താക്കീത് ചെയ്തിട്ടും എഎസ്ഐ പ്രവൃത്തികൾ തുടർന്നു. താത്പര്യങ്ങൾക്ക് വഴങ്ങില്ല എന്ന് ബോധ്യമായപ്പോൾ അപവാദ പ്രചാരണങ്ങൾ നടത്തിയെന്നും മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ വീട്ടമ്മ പറയുന്നു.



Published and owned by Santhosh Pandalam, Olive Thottathil, Thumpamon P.O, Pathanamthitta (Dist), Kerala (State), India - Editor: Sherly Santhosh.